# കൂത്താട്ടുകുളം ജനമൈത്രി പോലീസ് വീട് നിർമ്മിച്ച് നൽകി

കൂത്താട്ടുകുളം ജനമൈത്രി പേലീസിൻെറ നേതൃത്വത്തിൽ മികച്ച പഠനനിലവാരം പുലർത്തുന്ന സ്റ്റുഡൻറ് പോലീസ് കേഡറ്റിന് നിർമ്മിച്ച് നൽകുന്ന വീടിൻെറ താക്കോൽദാനവും, കേരളം നേരിട്ട പ്രളയ കെടുതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ജനമൈത്രി പോലീസിനൊപ്പം മികച്ച സേവനം കാഴ്ചവച്ചവരെ ആദരിക്കലും ഇന്ന് (07.11.2018) കൂത്താട്ടുകുളം ബ്രയോ കൺവെൻഷൻ സെൻററിൽ വെച്ച് നടന്നു.

ജനമൈത്രി പോലീസിംഗിൻെറ സാമൂഹിക ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് വിജയകരമായി മുന്നേറുന്ന കൂത്താട്ടുകുളം ജനമൈത്രി പോലീസ് സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ മൂവാറ്റുപുഴ ഡി.വൈ.എസ്.പി കെ.ബിജുമോൻ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ കൂത്താട്ടുകുളം പോലീസ് സബ്ബ് ഇൻസ്പെക്ടർ കെ.ബ്രിജു കുമാർ സ്വാഗതം ആശംസിച്ചു. യോഗത്തിൻെറ ഉദ്ഘാടനവും നിർമ്മിച്ച് നൽകുന്ന വീടിൻെറ താക്കോൽ ദാനവും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി രാഹുൽ ആർ നായർ IPS നിർവ്വഹിച്ചു. കൂടാതെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മികച്ച സേവനം അനുഷ്ഠിച്ചവരെയും, ജനമൈത്രി പേലീസിൻെറ ഭവന നിർമ്മാണത്തിന് സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ജനമൈത്രീ സുരക്ഷാസമിതി കൺവീനർ ശ്രീ പി സി മർക്കോസിനെ യോഗത്തിൽ വച്ച് കൂത്താട്ടുകുളം നഗരസഭാ ചെയർമാൻ ശ്രീ.പി.സി.ജോസ് ആദരിച്ചു. കൂത്താട്ടുകുളം ജനമൈത്രി പോലീസ് സ്റ്റേഷൻ കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ സബ്ബ് ഇൻസ്പെക്ടർ സാബു.പി.എസ് റിപ്പോർട്ട് അവതരിപ്പിച്ചു. പ്രളയദുരാതാശ്വാസ പ്രവർത്തനങ്ങളിൽ മികച്ച സേവനം കാഴ്ചവച്ച വടകര സെൻററ് ജോൺസ് സിറിയൻ ഹൈസ്കൂളിലെ സ്റ്റുഡൻറ് കേഡറ്റുകളെ എറണാകുളം റൂറൽ ജില്ലയിലെ സ്റ്റുഡൻറ് പോലീസ് പദ്ധതിയുടെ നോഡൽ ഓഫീസറും ജില്ലാ ക്രൈം റെക്കോഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി യുമായ റെജി.പി.എബ്രഹാം ചടങ്ങിൽ വെച്ച് ആദരിച്ചു.

നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പിയും ജനമൈത്രി പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറുമായ എം.ജെ..സോജൻ, പിറവം പോലീസ് ഇൻസ്പെക്ടർ പി.കെ.ശിവൻകുട്ടി, കുത്താട്ടുകുളം നഗരസഭയിലെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ.സി.എൻ.പ്രഭകുമാർ, മൂവാറ്റുപുഴ സബ്ബ് ഇൻസ്പെക്ടർ ഇ.എസ്.സാംസൺ, മേഖല റസിഡൻറ്സ് അസോസിയേഷൻ പ്രസിഡൻറ് ശ്രീ.ബേബി ആലുങ്കൽ, റോട്ടറി ക്ലബ്ബ് പ്രസിഡൻറ് ശ്രീ.സണ്ണി ഐസക്, സെൻററ് ജോൺസ് സിറിയൻ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി.ബിന്ദുമോൾ, കേരള

പോലീസ് ഓഫീസേഴ്സ് അസ്സോസിയേഷൻ എറണാകുളം റൂറൽ ജില്ലാ സെക്രട്ടറി ശ്രീ.ജെ.ഷാജിമോൻ, കേരള പോലീസ് അസ്സോസിയേഷൻ എറണാകുളം റൂറൽ ജില്ലാ സെക്രട്ടറി എം.വി.സനൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കൂത്താട്ടുകുളം ജനമൈത്രി പോലീസ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ സിബി അച്യുതൻ കൃതജ്ഞത രേഖപ്പെടുത്തി.



